## പതിമൂന്നാം കേരള നിയമ സഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 576. 10 -06 – 2014-ൽ മറുപടിക്ക്

### വൈപ്പിൻ മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങൾ

ചോദ്യം | ഉത്തരം

ശ്രീ. എസ്. ശർമ്മ | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

( വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൈപ്പിൻ മണ്ഡലത്തിൽ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | പരിശോധിച്ചു വരുന്നു. |
| (ബി) | അക്ഷയ കേന്ദ്രങ്ങളിൽ ഓരോ സേവനത്തിനുമുള്ള ഫീസ് പ്രദർശിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) | അക്ഷയ കേന്ദ്രങ്ങളിൽ ഓരോ സേവനത്തിനുമുള്ള ഫീസ് പ്രദർശിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ? | (സി) | പത്ര പരസ്യം മുഖേന +2/ പ്രീഡിഗ്രി യോഗ്യതയുള്ള 18 വയസ്സ് പൂർത്തിയായ യുവതീ യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും ഇപ്രകാരം അപേക്ഷിച്ചിട്ടുള്ളവരുടെ സർട്ടി ഫിക്കറ്റ് പരിശോധനയും, പൊതുവിജ്ഞാനം, കമ്പ്യൂട്ടർ പരിജ്ഞാനം എന്നീ മേഖലകളെ അടിസ്ഥാനപ്പെടുത്തി ഓൺലൈൻ പരീക്ഷയും അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷൻമാരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി യുടെ അഭിമുഖത്തിന് ശേഷം അക്ഷയ കേന്ദ്രം നടത്തുന്നതിന് യോഗ്യതയുള്ളവരെ തെരഞ്ഞെടുക്കുന്ന സംവിധാനമാണ് നിലവിൽ അവലംബിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | വൈപ്പിൻ മണ്ഡലത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ നിലവിലുണ്ടെന്നും , ഏതെല്ലാം പഞ്ചായത്തുകളിൽ അക്ഷയ കേന്ദ്രങ്ങളുടെ സേവനം ഇല്ലായെന്നും വ്യക്തമാക്കാമോ? | (ഡി) | വൈപ്പിൻ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള 17 അക്ഷയ കേന്ദ്രങ്ങളിൽ 12 എണ്ണം പ്രവർത്തനക്ഷമമാണ്. കടമക്കുടി, മുളവുകാവ് ഗ്രാമ പഞ്ചായത്തുകളിൽ അനുവദിച്ചിട്ടുള്ള അക്ഷയ കേന്ദ്രങ്ങൾ സംരംഭകരെ ലഭ്യമാകുവാൻ വൈകുന്നതു നിമിത്തം പ്രവർത്തന സജ്ജമല്ല. |

സെക്ഷൻ ഓഫീസർ